**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 905** **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ്ഗക്കാരുടെ ഉപജീവന മാർഗ്ഗം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടിക വർഗ്ഗക്കാർക്ക് മതിയായ ഉപജീവന മാർഗം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികവർഗ്ഗക്കാർക്ക് മതിയായ ഉപജീവനമാർഗം ഉറപ്പാക്കുന്നതിന് പ്രധാനമായും അഭ്യസ്തവിദ്യരായ പട്ടികവർഗ യുവതീയുവാക്കൾക്ക് വിവിധ തൊഴിലധിഷ്ഠിത ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സുകളിൽ പരിശീലനം, ട്രേസ് പദ്ധതിയുടെ ഭാഗമായ വിവിധ സർക്കാർ മേഖലകളിൽ തൊഴിൽ പരിശീലനം, ട്രൈബൽ പ്ലസ് പദ്ധതി പോലുള്ള തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അഭ്യസ്തവിദ്യരായ പട്ടികവർഗ യുവതീയുവാക്കൾക്ക് തൊഴിൽ സാദ്ധ്യതയുള്ളതും നവീനവുമായ തൊഴിൽ മേഖലകളിൽ അംഗീകൃത പരിശീലന സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽദാതാക്കളുമായി ചേർന്ന് ജോലി ഉറപ്പുവരുത്തുന്നതിനോ പ്രസ്തുത മേഖലയിൽ സ്വയം വരുമാനമാർഗ്ഗം കണ്ടെത്തുന്നതിനോ സാധിക്കുന്നുണ്ട്. കൂടാതെ ട്രേസ് പദ്ധതിയുടെ ഭാഗമായി പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, അക്രഡിറ്റഡ് എഞ്ചിനീയർമാർ, മെന്റർ ടീച്ചർമാർ, ഫെസിലിറ്റേറ്റർമാർ, ട്രൈബൽ പാരാമെഡിക്സ് തുടങ്ങിയ മേഖലകളിലും പ്രതിമാസ ഹോണറേറിയത്തോടെ ധാരാളം പട്ടികവർഗ യുവതീയുവാക്കൾ സേവനമനുഷ്ഠിച്ചുവരുന്നു. നിലവിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് പുറമെ അധിക 100 ദിവസത്തെ തൊഴിൽ നൽകുന്ന പദ്ധതിയായ കേരള ട്രൈബൽ പ്ലസ് പദ്ധതിയും സംസ്ഥാനത്തൊട്ടാകെയുള്ള സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒട്ടനവധി പട്ടികവർഗ്ഗ കുടുംബങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗമാണ്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതികളിലൂടെ ഇവരുടെ ജീവിത നിലവാരം ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ടോയെന്നു പരിശോധിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ബി) | **ഈ പദ്ധതികളിലൂടെ പട്ടികവർഗ വിഭാഗക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. വിദ്യാസമ്പന്നരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ നൽകുന്നത് വഴിയും ട്രേസ് പദ്ധതിക്ക് കീഴിൽ ഹോണറേറിയം വ്യവസ്ഥയിൽ കരിയർ പരിശീലനം നൽകുന്നത് വഴിയും വിദ്യാഭ്യാസ യോഗ്യത കുറഞ്ഞ പട്ടികവർഗക്കാർക്ക് ട്രൈബൽ പ്ലസ് പോലുള്ള പദ്ധതി വഴിയും ഒരു നിശ്ചിത വരുമാനം പ്രതിമാസം ലഭിക്കുന്നുണ്ട്. അപ്രകാരം സാമ്പത്തികമായും സാമൂഹികവുമായുള്ള അസ്ഥിരത ഒരു പരിധി വരെ ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ